Draft #3 of File AdAVIII/04/Pension/SMS/2019 Approved by JOINT REGISTRAR I (ADMIN) on 06-Dec-2019 04:21 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. AdAVIII/04/Pension/SMS/2019 തീയതി: 06.12.2019

പ്രിയദർശിനി ഹിൽസ്

<u>**സർക്കുലർ**</u>

വിഷയം:- പെൻഷൻ ആനുകൂല്യങ്ങൾ എസ്.എം .എസ് .മുഖേന പെൻഷണർമാരെ അറിയിക്കുന്നത് സംബന്ധിച്ച് :-

സൂചന :- 1.പി.വി.സി.യുടെ 652/ 2019 നമ്പറിലുള്ള 17/09 / 2019 തീയതിയിലെ കുറിപ്പ് .
2 .28 / 09 / 2019 -തീയതി രജിസ്ട്രാറുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്.
3.ബഹു.വൈസ്ചാൻസലറുടെ 19/11/2019 -ലെ ഉത്തരവ്.

**സർവകലാശാല സേവനത്തിൽ നിന്നും വിരമിക്കുന്ന പെൻഷണർമാർക്ക് നിയമാനുസൃതമായ വിവിധ വിരമിക്കൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും ഏതേതൊക്കെ ഇനങ്ങളിൽ എത്ര വീതം തുകകളാണ് ഉള്ളതെന്ന് അവർക്ക് ശരിയായ അറിയിപ്പുകൾ ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ട് . ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനായി, ബന്ധപ്പെട്ട സെക്ഷൻ ഓഫീസർമാരുടെ ഒരു യോഗം രജിസ്ട്രാറുടെ അധ്യക്ഷതയിൽ 28/09/2019-ന് വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത യോഗം ഈ വിഷയം ചർച്ച ചെയ്ത് സൂചന (2) പ്രകാരമുള്ള ശുപാർശകൾ സമർപ്പിച്ചു .**

**ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ്ചാൻസലർ സർവകലാശാല സേവനത്തിൽ നിന്ന് വിരമിക്കുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യുന്ന വിരമിക്കൽ ആനുകൂല്യങ്ങളുടെ തുകകൾ ഇനം തിരിച്ച് എസ്.എം.എസ്. മുഖേന അവരെ അറിയിക്കുവാൻ അനുവാദം നൽകി.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .**

**1)വിരമിക്കുന്ന പെൻഷണർമാർക്ക് അനുവദിക്കുന്ന ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി (D.C.R.G.),കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷൻ (C.V.P),ടെർമിനൽ ഏൺഡ് ലീവ് സറണ്ടർ (TELS),ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം (G.I.S), പെൻഷൻ ആനുകൂല്യവുമായി ബന്ധപ്പെട്ട കുടിശികകൾ, ഉത്സവബത്ത, വിരമിച്ചതിനു ശേഷം വിതരണം ചെയ്യപ്പെടുന്ന പ്രോവിഡന്റ് ഫണ്ട് എന്നീ ഇനങ്ങളിലുള്ള തുകകൾ നിർദ്ദിഷ്ട എസ്.എം.എസ്. സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .**

**2) ജനറൽ ക്യാഷ് സെക്ഷനിൽ ഇതിനായി ഏർപ്പെടുത്തിയിരിക്കുന്ന ഏകജാലക സംവിധാനം വഴിയായിരിക്കും എസ് .എം .എസ്-കൾ പെൻഷണർമാർക്ക് ലഭ്യമാക്കുന്നത് .**

**3 )എസ് .എം .എസ് അയയ്ക്കേണ്ട മൊബൈൽ നമ്പറുകൾ താഴെ പറയുന്ന സെക്ഷനുകൾ ജനറൽ ക്യാഷ് സെക്ഷനിൽ, തുകകൾ വിതരണം ചെയ്യുന്നതിന് മുൻപ് ലഭ്യമാക്കേണ്ടതാണ്.**

**i)ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി (D.C.R.G.),**
**കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷൻ (C.V.P)- എ.ഡി.എ.10 സെക്ഷൻ**

**ii)ടെർമിനൽ ഏൺഡ് ലീവ് സറണ്ടർ (TELS)- എഫ്.സി.സി. സെക്ഷൻ**

**iii)ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം (G.I.S)- ഫിനാൻസ് III സെക്ഷൻ**

**iv)വിരമിച്ചതിനു ശേഷം വിതരണം ചെയ്യപ്പെടുന്ന**
**പ്രോവിഡന്റ് ഫണ്ട് തുക- ഫിനാൻസ് V സെക്ഷൻ**

**ബന്ധപ്പെട്ട സെക്ഷനുകൾ ഈ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ ജനറൽ ക്യാഷ് സെക്ഷനിൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്.**

**കോമളവല്ലി കെ**
ജോയിന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1.വി.സി./ പി.വി.സി.-പി.എസ് മാർ
2.രജിസ്ട്രാർ / എഫ്.ഒ / സി.ഇ.-പി.എ.മാർ
3.ജനറൽ ക്യാഷ് സെക്ഷൻ
4.എ.ഡി.എ .10 സെക്ഷൻ
5.എഫ്.സി.സി.സെക്ഷൻ
6.സിറ്റാഡ്/ പി.ആർ.ഒ സെക്ഷനുകൾ
7.ഫിനാൻസ് III/ഫിനാൻസ് V സെക്ഷനുകൾ
8.കണ്ടന്റ് മാനേജ്മെന്റ്
9.എ.ഡി.എ.4 സെക്ഷൻ
10.റിക്കോർഡ്സ് സെക്ഷൻ
11.സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം

Draft #3 of File AdAVIII/04/Pension/SMS/2019 Approved by JOINT REGISTRAR I (ADMIN) on 06-Dec-2019 04:21 PM - Page 2